## ഹദീസ്

ടി.ഇ.എം റാഫി വടുതല

# ദൈവദാസനു ലഭിക്കുന്നു ചോദിക്കുന്നതൊക്കെയും

عَنْ أَبِي هُرَيْرَةَ(ر)، قَالَ سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ' قَالَ اللَّهُ تعالى: قَسَمْتُ الصَّلاَةَ بَيْنِي وَبَيْنَ عَبْدِي نِصْفَين. وَلِعَبْدِي مَا سَأَلَ . فإذا قَالَ الْعَبْدُ (الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ) قَالَ اللَّهُ تعالى حَمِدَنِي عَبْدِي فإذا قَالَ (الرَّحْمَنِ الرَّحِيمِ) قَالَ اللَّهُ تعالى أَثْنَى عَلَيَّ عَبْدِي فإذا قَالَ (مَالِكِ يَوْمِ الدِّينِ) قَالَ مَجَّدَنِي عَبْدِي فإذا قَالَ: (إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ) قَال هَذَا بَيْنِي وَبَيْنَ عَبْدِي وَلِعَبْدِي مَا سَأَلَ فإذا قَالَ (اهْدِنَا الصِّرَاطَ الْمُسْتَقِيمَ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلاَ الضَّالِّينَ) قال: هَذَا لِعَبْدِي وَلِعَبْدِي مَا سَأَلَ (مسلم، إبن ماجه).

**അബൂഹുറയ്റ(റ)യിൽനിന്ന്: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞതായി ഞാൻ കേട്ടു. അല്ലാഹു പറഞ്ഞിരിക്കുന്നു: നമസ്കാരം എനിക്കും എന്റെ ദാസനുമിടയിൽ രണ്ട് പകുതിയായി ഭാഗിക്കപ്പെട്ടിരിക്കുന്നു. എന്റെ അടിമ ചോദിക്കുന്നതൊക്കെയും അവന് ലഭിക്കുന്നതാണ്. അടിമ സർവലോക രക്ഷിതാവായ അല്ലാഹുവിന് സ്തുതി എന്നു പറഞ്ഞാൽ അല്ലാഹു പറയും: അവൻ എന്നെ സ്തുതിച്ചു. പരമകാരുണകൻ, കരുണാവാരിധി എന്നു പറഞ്ഞുകഴിഞ്ഞാൽ അല്ലാഹു പറയും: അവൻ എന്നെ പുകഴ്ത്തി. പ്രതിഫല ദിവസത്തിന്റെ അധിപൻ എന്നു പറയുമ്പോൾ അല്ലാഹു പറയും: എന്റെ അടിമ എന്നെ മഹത്വപ്പെടുത്തി. നിന്നെ മാത്രമേ ഞങ്ങൾ ആരാധിക്കൂ, നിന്നോട് മാത്രമേ ഞങ്ങൾ സഹായം തേടുകയുള്ളൂ എന്നു പറയുമ്പോൾ അല്ലാഹു പറയും: ഇതാണ് ഞാനും എന്റെ അടിമയും തമ്മിലുള്ള ബന്ധം. എന്റെ അടിമക്ക് ഞാൻ ചോദിക്കുന്നതൊക്കെയും കൊടുക്കും. നേർവഴിക്ക് ഞങ്ങളെ നീ നയിക്കേണമേ, നീ അനുഗ്രഹിച്ചവരുടെ മാർഗം, കോപത്തിനിരയായവരുടെയല്ല, വഴിപിഴച്ചവരുടെയുമല്ല എന്നു പറഞ്ഞു കഴിഞ്ഞാൽ അല്ലാഹു പറയുകയായി: എന്റെ അടിമക്കത് കിട്ടിക്കഴിഞ്ഞു. ചോദിക്കുന്നതൊക്കെയും അവന് കിട്ടും (മുസ്‌ലിം, ഇബ്നുമാജ).**

വിശ്വാസി അല്ലാഹുവിലേക്ക് ഉയർന്നു പറക്കുന്ന ആകാശാരോഹണമാണ് നമസ്കാരം. വിശുദ്ധ ഖുർആന്റെ കേന്ദ്ര അധ്യായമായ ഫാത്തിഹ പാരായണം ചെയ്യാതെ നമസ്കാരം പൂർണമാവുകയില്ല. നമസ്കാരത്തിലെ എല്ലാ റക്അത്തിലും പാരായണം ചെയ്യുന്ന ഒരേയൊരു അധ്യായമാണത്. ഖുർആന്റെ മാതാവായ സൂറത്തുൽ ഫാത്തിഹ ഒരാൾ ഓതിയിട്ടില്ലെങ്കിൽ നമസ്കാരം അപൂർണമാണെന്ന് പ്രവാചകൻ (സ) വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ നമസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണ് ഫാത്തിഹ. ആവർത്തിച്ച് ഓതുന്ന ഈ സപ്ത സൂക്തങ്ങളാണല്ലോ 'സ്വലാത്ത്' എന്ന ഓരോ മിഅ്റാജിലും ഉരുവിട്ടുകൊണ്ടിരിക്കുന്നത്.

അല്ലാഹുവുമായുള്ള അടിമയുടെ ഹൃദയബന്ധം വിളക്കിച്ചേർക്കുന്ന നിത്യോപാസനയാണ് നമസ്കാരം. ഉടമയും അടിമയും തമ്മിലുള്ള ആത്മഭാഷണം. നമസ്കാരത്തിൽ നിൽക്കുന്നതും ഇരിക്കുന്നതും കുനിയുന്നതും നമ്രശിരസ്കനായി സുജൂദിൽ വീഴുന്നതും ഗാഢമായ ഈ ബന്ധത്തിന്റെ നിദർശനമത്രെ.

പ്രകാശത്തിനു മേൽ പ്രകാശം കവിഞ്ഞൊഴുകുന്ന ദൈവഭവനത്തിൽ നിൽക്കുമ്പോൾ പ്രപഞ്ച സ്രഷ്ടാവിനോടുള്ള ബന്ധം കൂടുതൽ ഹൃദ്യവും പുഷ്കലവുമാകുന്നു. വിജയവീഥിയിലേക്കുള്ള വിളിക്കുത്തരം നൽകി സ്വന്തം ഭവനത്തിലെത്തിയ അതിഥിയെ ആതിഥേയൻ എങ്ങനെയാണ് ആദരിക്കാതിരിക്കുക? സദാ സമയവും അടിമയോടുള്ള അഭിമുഖത്തിനു കാത്തിരിക്കുന്ന പ്രപഞ്ച സ്രഷ്ടാവിന് ഒരു മടുപ്പും മുഷിപ്പുമില്ല. ഈ ആത്മബന്ധമാണ് അടിമക്ക് ദൈവിക കവാടത്തിൽ മുട്ടാനും ഉടമക്ക് ഉദാരമായി നൽകാനും പ്രചോദനമായി മാറുന്നത്.

''നിങ്ങളുടെ നാഥൻ പറഞ്ഞിരിക്കുന്നു: നിങ്ങളെന്നോടു പ്രാർഥിക്കുക. ഞാൻ നിങ്ങൾക്കുത്തരം തരാം. എന്നെ വഴിപ്പെടാതെ അഹന്ത നടിക്കുന്നവർ ഏറെ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കും'' (*ഗാഫിർ* 60).

എണ്ണിയാൽ തീരാത്ത അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് മനുഷ്യൻ ഭൂമിയിൽ അധിവസിക്കുന്നത്. ഈ യാഥാർഥ്യം തിരിച്ചറിഞ്ഞ് അനുഗ്രഹങ്ങൾക്ക് സ്തുതികീർത്തനങ്ങൾ അർപ്പിക്കുന്നവനാണ് വിശ്വാസി. ഉറക്കിൽനിന്നുള്ള ഉണർവിലും ആത്മീയോത്കർഷത്തിന്റെ ഉപാസനകളിലും ഈ സ്തുതി കീർത്തനങ്ങൾ നിറഞ്ഞുനിൽക്കും. സർവലോകങ്ങളും പരിപാലിക്കുന്ന അല്ലാഹുവിനാണ്

സർവസ്തുതിയും. ഈ സ്തുതികീർത്തനം ഒരു വിശ്വാസിയുടെ ജീവിത സംസ്കാരമാണ്. ഉറക്കിൽനിന്നുണരുന്ന സന്തോഷം മുതൽ ജീവിതത്തിൽ നേരിടുന്ന പരീക്ഷണങ്ങളിലും സർവോപരി സ്വർഗത്തിൽ കാലുകുത്തുന്ന ജീവിത വിജയവേളയിലും അത് മുഴങ്ങിക്കേൾക്കും. ബുദ്ധിയുടെ ബോധ്യവും ഹൃദയത്തിന്റെ സാന്നിധ്യവും അവയവങ്ങളുടെ സമർപ്പണവുമാണ് ഈ ഹംദ്. പടച്ചവനിലേക്ക് തിരിഞ്ഞ് മുഖാമുഖം നടത്തുന്ന വിശ്വാസി ഈ ഹംദ് ചൊല്ലുമ്പോൾ പ്രപഞ്ചനാഥനായ അല്ലാഹു പറയും, 'എന്റെ അടിമ എന്നെ സ്തുതിച്ചിരിക്കുന്നു' എന്ന്.

ആത്മീയവും ഭൗതികവുമായ മുഴുവൻ അപകടങ്ങളിൽനിന്നും മനുഷ്യനെ സംരക്ഷിക്കുന്നതാണ് അല്ലാഹുവിന്റെ കാരുണ്യം. ദൈവിക സിംഹാസനത്തിലെ മുദ്ര തന്നെയും കാരുണ്യമണ്. സൃഷ്ടിച്ച കാരുണ്യത്തിന്റെ നൂറു ഭാഗങ്ങളിൽ തൊണ്ണൂറ്റി ഒമ്പതും സ്വന്തമായെടുത്ത കരുണക്കടലാണ് അല്ലാഹു. സൃഷ്ടിപ്രപഞ്ചത്തിലെ സർവചരാചരങ്ങളിലും അന്തർലീനമായ കാരുണ്യത്തെ വിശ്വാസി എങ്ങനെ പുകഴ്ത്താതിരിക്കും. മാനത്തെ അനുഗ്രഹവും ഭൂമിയുടെ സമൃദ്ധിയും വിശ്വാസിക്കും അവിശ്വാസിക്കും പകർന്നുകൊടുക്കുന്ന കാരുണ്യം. കോപത്തേക്കാൾ കാരുണ്യം അതിജയിച്ചുനിൽക്കുന്ന അല്ലാഹുവിന്റെ ആർദ്രഭാവത്തെയാണ് അടിമ ബിസ്മിയിലൂടെ പ്രശംസിച്ചത്. അതിനെയാണ് അല്ലാഹു എന്റെ അടിമ എന്നെ പ്രകീർത്തിച്ചു എന്നു പറഞ്ഞത്.

നന്മ തിന്മകൾ വേർതിരിച്ച് കർമഫലങ്ങൾ നൽകുന്ന ഒരു വിചാരണയുടെ ലോകത്തെ സംബന്ധിച്ച ഭയവും പ്രതീക്ഷയുമില്ലെങ്കിൽ ഈ ലോകം വിനാശത്തിന്റെ വിളനിലമായി മാറുമായിരുന്നു. സൽക്കർമചാരിക്ക് രക്ഷയുടെ സ്വർഗവും ദുഷ്കർമചാരിക്ക് ശിക്ഷയുടെ നരകവുമുള്ള ലോകം. പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ എന്ന് പറയുമ്പോൾ അല്ലാഹു പറയും; എന്റെ അടിമ എന്നെ മഹത്വപ്പെടുത്തിയിരിക്കുന്നു എന്ന്.

പ്രപഞ്ചനാഥനെ അകമഴിഞ്ഞ് പ്രകീർത്തിക്കുന്ന വിശ്വാസി അവന്റെ സമക്ഷത്തിൽ സമർപ്പിക്കുന്നത് തന്റെ ജീവിതം തന്നെയാണ്. അത് അല്ലാഹുവിനു മാത്രമേ സമർപ്പിക്കൂ എന്ന വാഗ്ദാനം. ഒപ്പം അതിനുള്ള സഹായം നിന്നോട് മാത്രമേ ആവശ്യപ്പെടുകയുള്ളൂ എന്ന പ്രതിജ്ഞയും. ഭൗതിക ജീവിതത്തിലെ വിശ്വാസിയുടെ ഊർജവും പ്രചോദനവുമാണ് ആ ഇബാദത്ത്. പ്രാരംഭത്തിലെ പ്രശംസയിലൂടെ അല്ലാഹുവുമായി സാമീപ്യം സിദ്ധിക്കുമ്പോൾ അത് ഒരു അഭിമുഖത്തിന്റെ സംഭാഷണ ശൈലിയിലുമെത്തുന്നു. ആ ഹൃദ്യമായ അഭിമുഖവേളയിൽ സ്വകാര്യ സംഭാഷണത്തിലെ സർവ ആവശ്യങ്ങളും അല്ലാഹു പരിഗണിച്ചതായി അല്ലാഹു പ്രഖ്യാപിക്കുന്നു.

ഇബാദത്ത് അല്ലാഹുവിനു സമർപ്പിച്ചും സഹായമഖിലം അല്ലാഹുവിനോടഭ്യർഥിച്ചും അഭിമുഖം നടത്തിയ അടിമ ഉന്നയിക്കുന്ന അടുത്ത ആവശ്യം അല്ലാഹു അനുഗ്രഹിച്ച മഹത്തുക്കളുടെ പാതയിലൂടെയുള്ള പ്രയാണമാണ്. അല്ലാഹു തെരഞ്ഞെടുത്തയച്ച ദൂതന്മാരുടെയും ആദർശത്തോട് കൂറ് പുലർത്തിയ സത്യസന്ധന്മാരുടെയും രക്തസാക്ഷികളുടെയും സച്ചരിതരുടെയും പാത. സന്മാർഗദർശനം ലഭിച്ചില്ലെങ്കിൽ ഇഹപര ലോകമഖിലവും നഷ്ടമാവും. ഒരു ഘട്ടത്തിൽ പ്രവാചക സഖാക്കളായിരുന്നവരിൽ ചിലർക്ക് പോലും പിന്നീട് ആ ഹിദായത്ത് നഷ്ടമായിട്ടുണ്ട്. സത്യനിഷേധികളായ കൊടും ധിക്കാരികളുടെ അരമനയിലുണ്ടായിരുന്നവരിൽ ചിലർക്ക് ഈ രാജപാത തുറന്നുകിട്ടിയിട്ടുമുണ്ട്. അല്ലാഹുവിന്റെ ഈ കാരുണ്യം ലഭിച്ചവർ ചരിത്രത്തിൽ അനുഗൃഹീതരായി.

ചരിത്രത്തിൽ ദൈവകോപത്തിനിരയായവരുണ്ട്. സ്വയം വഴി പിഴച്ചും മറ്റുള്ളവരെ വഴിപിഴപ്പിച്ചും കോപത്തിനിരയായവരുണ്ട്. നീചന്മാരും നികൃഷ്ടന്മാരുമായി ചരിത്രത്തിൽ അധഃപതിച്ചുപോയവർ. ഭൂമിക്കു മുകളിൽ മഹിതമായ ചരിത്രം സൃഷ്ടിച്ചവരല്ല അവർ. ദൈവശിക്ഷയാൽ ഭൂമിക്കടിയിൽ ചരിത്രമായി മാറിയവർ. ദൗർഭാഗ്യകരമായ പതനത്തിന് വിധേയരായി ഇഹപര നഷ്ടം സംഭവിച്ചവരെ പോലെ നീ ഞങ്ങളെ മാറ്റരുതേ എന്ന ആമുഖ പ്രാർഥനയുടെ ശുഭ പര്യവസാനത്തിൽ 'ആമീൻ' ചൊല്ലിക്കഴിയുമ്പോൾ അല്ലാഹു വിളിച്ചു പറയുന്നു: എന്റെ അടിമക്ക് സർവവും കിട്ടിക്കഴിഞ്ഞു. ചോദിക്കുന്നതൊക്കെയും അവന് ലഭിക്കുകയും ചെയ്യും. ●